LIBRARY ARCHIVES Kerala Legislative Assembly

വീടുകൾക്കും ബാധകമാണ്. വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെന്നുള്ള നിവേദനങ്ങളിൽ അവരുടെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പ്രത്യേക പരിഗണന നൽകിയും സൗജന്യമായി വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ. നൽകുന്നുണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി, വൈദ്യുതി എത്തിയിട്ടില്ലാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർഭാഗത്തു സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിവരുമെന്നതും വളരെക്കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽതുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണപ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന, ജില്ലാതല സമിതികൾ 5-7-2021-ലെ ഗവൺമെന്റ് ഉത്തരവ് G.O.(Rt)no.87/2021/Power Department പ്രകാരം രൂപീകരിക്കുകയും, സമിതിയുടെ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതികണക്ഷൻ ഇല്ലാതെ ഓൺലൈൻ പഠനം സാധ്യമാകാത്ത എത്ര വീടുകൾക്ക് നാദാപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ഓൺലൈൻ പഠന ആവശ്യത്തിനായി നൽകിയ വൈദ്യുതി കണക്ഷനുകൾ എന്ന കണക്ക് ലഭ്യമല്ല. കെട്ടിട നമ്പർ ഇല്ല എന്ന കാരണത്താൽ വൈദ്യുത കണക്ഷനുകൾ നിഷേധിക്കുന്നില്ല.

വൈദ്യുതി ബോർഡിന്റെ നഷ്ടം

214 (1944) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വൈദ്യുതി ബോർഡ് എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നറിയിക്കാമോ?

2019-20–ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം വൈദ്യുതി ബോർഡ് 269.55 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2020-21 വർഷത്തിലെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം, ഉരുൾപൊട്ടൽ, മഹാമാരിയായ കോവിഡിന്റെ ഭാഗമായുണ്ടായ ഇളവുകൾ എന്നിവ മൂലം വൈദ്യുതിബോർഡിന് എത്ര രൂപയുടെ നഷ്ടമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വൈദ്യുതി ബോർഡിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*. കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ബോർഡ് സ്വമേധയാ നൽകിയതുമൂലവും, ബോർഡിന് സാമ്പത്തികനഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴക്കൊടുക്കുന്നു:

1. 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ വ്യാവസായിക/ വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്ക് 25% ഇളവുകൾ നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടിരൂപ ബോർഡിന് ചെലവായിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം, കേന്ദ്ര വൈദ്യുതി ഉൽപ്പാദന നിലയങ്ങളിൽ നിന്നും, PGCIL-ൽ നിന്നും (Power Grid Corporation of India Limited) 54.89 കോടി രൂപ മാത്രമാണ്, കെ.എസ്.ഇ.ബി. ലിമിറ്റഡിനു ലഭ്യമായത്. ഇതു നികത്തിത്തരണമെന്നാവശ്യപ്പെട്ട് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചുവെങ്കിലും 2020 മാർച്ച് 23 മുതൽ മേയ് 31 വരെയുള്ള കാലയളവിലേയ്ക്ക് മാത്രമാണ് ഇളവുകൾക്ക് സാധൂകരണം നൽകിയിട്ടുള്ളത്. ഇതുമൂലം, 18.94 കോടി രൂപ ബോർഡിന്റെ നഷ്ടമായി അവശേഷിക്കുകയാണ്.

2. സിനിമാ മേഖലയ്ക്ക് 28-1-2021-ലെ സ.ഉ.(സാധാ)നമ്പർ 14/2021/ ഊ.വ. -യുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകൾ (03/2020 മുതൽ 12/2020 വരെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ നൽകിയ 50% ഇളവുകൾ) മൂലം 3.28 കോടി രൂപയുടെ അധികബാധ്യതയുണ്ടായിട്ടുണ്ട്. ഇത് നികത്തിത്തരുന്നതിന് കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

3. 28-6-2021-ലെ സ.ഉ.(സാധാ) നമ്പർ 84/2021/ഊ.വ. -യുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകൾ (സിനിമാ തിയേറ്ററുകളുടെ ഫിക്സഡ് ചാർജ്ജിലുള്ള 50% ഇളവും, വാണിജ്യ വ്യാവസായ ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിൽ നൽകുന്ന 25% ഇളവും (മേയ് 2021-ലേയ്ക്ക്) നൽകുന്നതുമൂലം 24.37 കോടി രൂപയുടെ അധികബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത് നികത്തിത്തരുന്നതിന് റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്?

30-6-2021-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി കുടിശ്ശികയിനത്തിൽ 2935.77 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര സർക്കാർ സ്ഥാപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതെല്ലാമാണെന്നും എത്ര തുകയുടെ കുടിശ്ശികയാണ് ഇത്തരത്തിൽ ഓരോ സ്ഥാപനവും വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേന്ദ്ര സർക്കാർ സ്ഥാപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനം, സ്വകാര്യസ്ഥാപനം എന്നിവയുടെ 30-6-2021-ലെ കണക്കുപ്രകാരമുള്ള തൽമാസകുടിശ്ശികകൂടി ഉൾപ്പെട്ട പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മൈലാട്ടി പവർ പ്ലാന്റ്

215 (1945) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി പവർ പ്ലാന്റ് പൂട്ടിയിട്ട് എത്ര വർഷമായി;

(ബി) കമ്പനിയുമായുള്ള കെ.എസ്.ഇ.ബി.-യുടെ കരാർ കാലാവധി അവസാനിച്ചുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്;

&

(ഡി) പവർ പ്ലാന്റ് പൂട്ടിയ സ്ഥിതിക്ക് എൻ.എച്ച് 66 -നോട് ചേർന്നുള്ള ഈ സ്ഥലം പ്രയോജനപ്പെടുത്താൻ കെ.എസ്.ഇ.ബി. എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 5 ഏക്കർ ഭൂമിയിൽ 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള കരാർ ഇലക്ട്രോൺ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 1-3-2018-ൽ ഒപ്പുവച്ചു. കമ്പനിയുടെ അപേക്ഷ പരിഗണിച്ച് പലതവണ സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകിയെങ്കിലും നാളിതുവരെ യാതൊരു പ്രവൃത്തിയും ചെയ്യാത്തതിനാൽ, ഈ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.